# നീര: എക്സൈസ് പരിധിയിൽ നിന്നൊഴിവാക്കും

ന്യൂഡൽഹി ● നീര ഉൽപാദനത്തെ എക്സൈസ് നിയമ പരിധിയിൽ നിന്നൊഴിവാക്കാൻ നാളികേര ഉൽപാദനമുള്ള സംസ്ഥാനങ്ങളോടു നാളികേര വികസന ബോർഡ് ഉപദേശിച്ചിട്ടുണ്ടെന്നു കൃഷി സഹമന്ത്രി മോഹൻഭായി കുണ്ടാരിയ രാജ്യസഭയിൽ കെ.എൻ. ബാലഗോപാലിനു മറുപടിനൽകി. നാളികേര ഉൽപാദന സൊസൈറ്റികൾ മുഖേനയുള്ള നീരയുടെ വാണിജ്യോൽപാദനം കയറ്റുമതിക്കു തികയില്ലെന്നും മന്ത്രി അറിയിച്ചു.